# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4470 13/11/2019 ൽ മറുപടിയ്ക്ക്

### സാമൂഹ്യവനവത്കരണത്തിന്റെ ഭാഗമായ കണ്ടൽ കാടുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും<br>മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | സാമൂഹ്യവനവത്കരണത്തിന്റെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കുമോ; | എ | സാമൂഹ്യവനവൽക്കരണ ത്തിന്റെ ഭാഗമായി വനത്തിനുപുറത്തുള്ള വനവൽക്കരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഇതിലേക്കായി സ്കൂൾ കുട്ടികൾക്കായി എന്റെ മരം, കോളേജ് കുട്ടികൾക്കായി നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോരസംരക്ഷണം, Institutional Plantation, തുടങ്ങിയവ നടപ്പിലാക്കി വരുന്നു., ലോകപരിസ്ഥിതി ദിനമായ ജൂൺ 5 നോട് അനുബന്ധിച്ച് ഹരിതകേരളം പദ്ധതി പ്രകാരം വിവിധയിനം വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് വിദ്യാർത്ഥികൾ, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റസിഡൻസ് അസ്സോസിയേഷനുകൾ, സർക്കാർ ഇതര സംഘടനകൾ, തുടങ്ങിയവയ്ക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നു. കൂടാതെ പാതയോരങ്ങളിലും, വനത്തിന് പുറത്തുള്ള പൊതുസ്ഥലങ്ങളിലും, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എന്നിവയുടെ അധീനതയിലുള്ള സ്ഥലങ്ങൾ, നദീതീരങ്ങൾ എന്നിവിടങ്ങളിൽ വിദ്യാർത്ഥികൾ, ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ, സർക്കാർ ഇതര സംഘടനകൾ, കുടംബശ്രീ എന്നിവയുടെ സഹായസഹകരണത്തോടെ ബ്ലോക്കുകളായും അല്ലാതെയും വിവിധയിനം വൃക്ഷത്തൈകൾ, മുളം തൈകൾ എന്നിവ വച്ചുപിടിപ്പിച്ച് പരിപാലിച്ചുപോരുന്നു. സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷവത്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും, കാവുകളുടെയും, കണ്ടലുകളുടെയും സംരക്ഷണത്തിനും ഉള്ള പദ്ധതികൾ നടത്തുന്നുണ്ട് ഇതിനു പുറമെ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി പരിസ്ഥിതി അവബോധ ക്ളാസുകൾ, ക്യാമ്പുകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ എന്നിവ നടത്തി വരുന്നുണ്ട് കൂടാതെ . വനമിത്ര, പ്രകൃതിമിത്ര അവാർഡുകൾ, സ്കൂൾ, കോളേജ് കേന്ദ്രീകരിച്ച് ഫോറസ്ട്രീ ക്ളബ്ബുകൾ രൂപീകരിച്ച്, പരിസ്ഥിതി, വനശാസ്ത്രം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ബോധവൽക്കരണ ക്ളാസുകൾ, പരിസ്ഥിതി ദിനാഘോഷം, വന്യജീവി വാരാഘോഷം എന്നിങ്ങനെ പ്രകൃതിയെയും പരിസ്ഥിതി യേയും |

| | | | |
|---|---|---|---|
| | | | സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള ബഹുമുഖ പ്രവർത്തനങ്ങൾ സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി നടത്തിവരുന്നു. വനേതര സംരക്ഷണ പ്രവർത്തനങ്ങൾക്കായി പങ്കാളിത്ത ഹരിതസമിതി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി പരിസ്ഥിതി സംരക്ഷണ സന്ദേശങ്ങൾ ആകാശവാണിയിലൂടെ സംപ്രേക്ഷണം നടത്താറുണ്ട് കൂടാതെ പൊതുജനങ്ങളെയും വിദ്യാർത്ഥികളെയും പരിസ്ഥിതി സംരക്ഷണം, വനം വന്യജീവി സംരക്ഷണം എന്നിവയുടെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരിക്കുന്നതിനായി അരണ്യം മാസിക പ്രസിദ്ധീകരിച്ച് വരുന്നു. |
| ബി | ഇതിന്റെ ഭാഗമായി കണ്ടൽ വനങ്ങൾ വച്ചുപിടിപ്പിക്കുന്ന പ്രവൃത്തി ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | ബി | കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കി വ രുന്നുണ്ട് ഇതിന്റെ ഭാഗമായി സ്വകാര്യ വ്യക്തികൾക്ക് കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് ഏക്കറിന് 4000/- രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട് കൂടാതെ കേന്ദ്ര സഹായത്തോടെ Conservation and Management of Mangroves (60% css) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വേമ്പനാട്, കണ്ണൂർ മേഖലകളിൽ കണ്ടൽ സംരക്ഷണ പ്രവൃത്തികൾ നടത്തി വരുന്നു. ടി പദ്ധതി പ്രകാരം വനം വകുപ്പ് കണ്ടൽ തൈകളും, തീര പ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് എന്നിവ ഉത്പാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും, കൂടാതെ നട്ടുപിടിപ്പി ക്കുന്നതിനായി പൊതു ജനങ്ങൾക്ക് വിതരണവും ചെയ്യുന്നു. കൂടാതെ ക ണ്ടൽ വളരുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും വനാശ്രിതത്വം കുറയ്ക്കുന്നതിനും ആയി വാട്ടർ ടാങ്കുകൾ, ബയോഗ്യാസ് യൂണിറ്റ്, പാചക വാതക കണക്ഷൻ എന്നിവ വിതരണം ചെയ്യുകയും ജലാശയങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് വരുമാന വർദ്ധനവിന് സഹായം ചെയ്യുകയും ചെയ്തുവരുന്നു. |
| സി | പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി സർക്കാർ ഉടമസ്ഥതയിലുള്ള ചതുപ്പ് പ്രദേശങ്ങളിൽ എൻ.എസ്.എസ്. വോളന്റിയർമാരെ ഉപയോഗിച്ച് കണ്ടൽ കാട്ടുകൾ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ; വിശദീകരിക്കുമോ; | സി | സാമൂഹ്യ വനവത്കരണ ത്തിന്നായി നടപ്പിലാക്കുന്ന പദ്ധതികളെല്ലാം തന്നെ വിദ്യാർത്ഥികൾ, എൻ.എസ്.എസ്, എൻ.സി.സി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷൻ, സർക്കാർ ഇതര സംഘടനകൾ, കുടുംബ ശ്രീ എന്നിവയുടെ സഹായ സഹകരണത്തോടെയാണ് നടപ്പിലാക്കി വരുന്നത്. ആയതിനാൽ എൻ.എസ്.എസ് വോളന്ററിയർമാരെ ഉപയോഗിച്ച് കണ്ടൽ - ക്കാടുകൾ നിർമ്മിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നില്ല. |

| | | | |
|---|---|---|---|
| ഡി | ആലപ്പാട്, ക്ലാപ്പന ഗ്രാമപഞ്ചായത്തുകളിലെ കണ്ടൽ വനങ്ങൾ സംരക്ഷിക്കുന്നതിനും വിപുലീകരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | ഡി | കണ്ടൽ സംരക്ഷിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട് ക ണ്ടൽ വനങ്ങളുടെ സ്ഥായിയായ സംരക്ഷണത്തിനും, വിപുലീകരണത്തിനുമായി സർക്കാർ ഭൂമിയിലുള്ള ക ണ്ടൽ വനങ്ങൾ റിസർവ്വാക്കുന്നതിനും, സ്വകാര്യ ഉടമസ്ഥതയിലുള്ള ക ണ്ടൽ വനങ്ങൾ ഏറ്റെടുത്ത് റിസർവ്വാക്കുന്നതിനുമുള്ള നടപടി കൾ സ്വീകരിച്ച് വ രുന്നു |

സെക്ഷൻ ഓഫീസർ